# ഗവ. എൽ. പി. സ്കൂൾ എടയൂർക്കുന്ന്

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2026

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
## ഓരോ കുട്ടിക്കും

## <u>ആമുഖം</u>

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ് . നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തി യിൽ നിൽക്കുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യ ങ്ങൾക്കനുസരിച്ചും പുതുതായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമായ രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരി ക്കുന്നത് .എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. പൊതുസമൂഹത്തിന്റെയും PTA,SMC,SMDC സംഘങ്ങളുടെയും സഹകര ണത്തോടെ പുതിയ വിദ്യാഭ്യാസ വർഷം മികവിന്റെ പാതയിൽ ഒരുപടി മുന്നിലേക്ക് ഉയരണമെന്ന് ലക്ഷ്യത്തോടെ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് ഒരു വഴികാട്ടിയായി മാറുമെന്ന് പ്രത്യാ ശിക്കുന്നു.

<u>ഗവ.എൽ.പി.സ്കൂൾ എടയൂർക്കുന്ന്</u>

വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിൽ 14-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എൽ .പി. സ്കൂൾ എടയൂർക്കുന്ന്, ഒരു ഏകാധ്യാപക വിദ്യാലയമായാണ് പ്രവർത്തനമാരംഭിച്ചത് . പരിമിതമായ ഭൗതിക സാഹചര്യങ്ങളിലൂടെ ആരംഭിച്ച് കാലോചിതമായി എത്തിയ അധ്യാപകരുടെയും ഊർജ്ജസ്വലരായ രക്ഷിതാക്കളുടെയും കുട്ടികളുടെയും പ്രവർത്തനത്തിലൂടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന അക്കാദമിക നിലവാരത്തിൽ മികച്ച ഒരു വിദ്യാലയമായി മാറാൻ സ്കൂളിന് സാധിച്ചു. 2025- 2026 സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം വർഷം ആയതിനാൽ കുട്ടികളുടെ സമഗ്ര ഉന്നമനം ലക്ഷ്യം വച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു .

## <u>അടിസ്ഥാന വിവരങ്ങൾ</u>

സ്കൂൾ സ്ഥാപിതമായ വർഷം - 1981

ഹെഡ്മാസ്റ്റർ - ശ്രീ. പ്രൈംസൺ .എം. പ്രകാശ്

ഫോൺ നമ്പർ - 94 96 10 59 66

സ്കൂൾ കോഡ് - 15427

വിദ്യാഭ്യാസ ഉപജില്ല - മാനന്തവാടി

ബി .ആർ. സി. - മാനന്തവാടി

Email - glpsedayoor@gmail.com

## അധ്യാപകർ – ജീവനക്കാർ

| | |
|---|---|
| ശ്രീ .പ്രൈംസൺ . എം. പ്രകാശ് | – ഹെഡ്മാസ്റ്റർ |
| ശ്രീമതി സിനി എ.ബി | – സീനിയർ അസിസ്റ്റന്റ് (3B) |
| ശ്രീമതി രേഖ. എൻ | - 4B |
| ശ്രീമതി ബിജി പോൾ | - 1B |
| ശ്രീമതി അനുപമ. എം | – 3A |
| ശ്രീമതി നിമിഷ പി. എസ് | – 2B |
| ശ്രീമതി സൂര്യ സുരേന്ദ്രൻ | – 2A |
| ശ്രീമതി നീതു. എൻ. ബി | – 1A |
| ശ്രീ. അരുൺ നാഥ് | - 4A |
| ശ്രീമതി പുഷ്പ .കെ,എം | - മെന്റർ ടീച്ചർ |
| ശ്രീമതി റിഷാന | – അറബിക് |
| ശ്രീമതി. ശ്രീമ. പി | – Pre-Primary |
| ശ്രീമതി ജിൻസി കുര്യൻ | – Pre-Primary |
| ശ്രീമതി സുന്ദരി.കെ.എ | – Pre-Primary |
| ശ്രീമതി റീന സുകുമാരൻ | – PTCM |

## നിലവിലെ വിവരങ്ങൾ

### കുട്ടികളുടെ എണ്ണം

#### പ്രീ–പ്രൈമറി

| | | | |
|---|---|---|---|
| LKG | - 41 | 3A | - 21 |
| UKG | - 24 | 3B | - 32 |
| 1A | - 8 | 4A | -18 |
| 1B | -34 | 4B | - 31 |
| 2A | - 14 | | |
| 2B | - 41 | | |

Total =263

ST വിഭാഗം കുട്ടികൾ = 93

SC വിഭാഗം കുട്ടികൾ = 06

CWSN = 01

## അക്കാദമിക ഭൗതിക നേട്ടങ്ങൾ , പരിമിതികൾ

### നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- മികച്ച പഠനാന്തരീക്ഷം, കമ്പ്യൂട്ടർ ലാബ് , തിയേറ്റർ, ലൈബ്രറി ഡൈനിങ് ഹാൾ ഓഡിറ്റോറിയം എന്നിവ .
- ആധുനിക രീതിയിൽ നവീകരിച്ച പ്രീ പ്രൈമറി കെട്ടിട സമുച്ചയം.

  കലാ, കായിക , ശാസ്ത്രമേളകളിൽ മിന്നുന്ന വിജയം.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യക്തിഗത സപ്പോർട്ട് .
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണ പ്രവർത്തനങ്ങൾ തുടങ്ങിയ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു .
- മികച്ച എൽ.എസ്.എസ് പരിശീലനം. ഈ വർഷം പരീക്ഷയെഴുതി 18 പേരിൽ 16 പേർക്കും മികച്ച വിജയം.
- മികച്ച പി.ടി.എ, എസ് .എം. സി , എസ്. എം. ഡി .സി. സംഘടനകളുടെ കാര്യക്ഷമമായ ഇടപെടലുകൾ .

### പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി , ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- 2,3 ക്ലാസ് മുറികൾ പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ഇത് നവീകരിക്കേതുണ്ട്.
- സൗകര്യങ്ങൾ ഇല്ലാത്ത അടുക്കള
- സ്കൂൾ അപ്ഗ്രേഡ് ചെയ്യൽ

- പൂർത്തിയാകാത്ത ചുറ്റും മതിലും ഗ്രൗണ്ട് നവീകരണവും

കലാകായിക പ്രവൃത്തി പരിചയ അധ്യാപകരുടെ അഭാവം

<u>പൊതുലക്ഷ്യങ്ങൾ</u>

- സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് , അറബി ഭാഷകളിൽ എഴുതാനും വായിക്കാനുള്ള കഴിവ് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായ രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
- ക്ലാസ്സ് ലാബുകൾ സജ്ജമാക്കുക വഴി മെച്ചപ്പെട്ട പഠന ഉറപ്പാക്കുക.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.
- മാലിന്യമുക്ത വിദ്യാലയം, ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം , വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- പോക്സോ സംബന്ധമായ ബോധവൽക്കരണം.
- ലഹരി , മൊബൈൽ അഡിഷൻ തുടങ്ങിയവക്കെതിരെ മുൻകരുതലുകൾ .
- ഷുഗർ ഫ്രീ–ക്യാമ്പസ് സ്കൂളുകളിൽ മധുരം ഒഴിവാക്കുക എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാലയത്തിൽ മിഠായികൾ. മധുര പലഹാരങ്ങൾ ഇവ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നു.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## 2025–26 അധ്യായന വർഷം സ്കൂളിൽ വിഷയാടിസ്ഥാനത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

### ഭാഷ (മലയാളം)

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| മലയാളം അസംബ്ലി<br>(ആഴ്ചയിൽ ഒരിക്കൽ ഉള്ള മലയാളം അസംബ്ലി ) | ക്ലാസ്സ് ടീച്ചേഴ്സ് |
| ദൈനം ദിന പത്ര ക്വിസ്<br>( ദിവസേനയുള്ള ആനുകാലിക വിവരങ്ങൾ) | റിഷാന ടീച്ചർ |
| സഞ്ചരിക്കുന്ന ഡയറി<br>( ആഴ്ചയിലൊരിക്കൽ ഓരോ ക്ലാസ്സിനും) | ക്ലാസ്സ് ടീച്ചേഴ്സ് |
| പിറന്നാൾ പുസ്തകം<br>( പിറന്നാളിന് പുസ്തകം ക്ലാസ് ലൈബ്രറി നൽകുന്നു ) | ക്ലാസ്സ് ടീച്ചേഴ്സ് |
| പത്ര വാർത്ത<br>( ദിവസവും രാവിലെ ഉച്ചഭാഷിണിയിലൂടെ പത്രം വായിക്കുന്നു ) | റിഷാന ടീച്ചർ |
| ക്ലാസ്സ് തല പതിപ്പ് നിർമ്മാണം<br>( ദിനാചരണങ്ങൾ, പാഠഭാഗങ്ങൾ ഇവയെ ആസ്പദമാക്കി ) | ക്ലാസ്സ് ടീച്ചേഴ്സ് |
| വായനാ കുറിപ്പുകൾ<br>( വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള കുറിപ്പ് 1,2 ക്ലാസുകളിൽ വായന കാർഡുകൾ ) | ക്ലാസ്സ് ടീച്ചേഴ്സ് |
| സർഗാത്മക രചനകൾ<br>(കുട്ടികളുടെ രചനകൾ, ചുമർചിത്രം, കയ്യെഴുത്ത് മാസികകൾ) | വിദ്യാരംഗം, SRG |
| കുട്ടികൾക്ക് സർഗ്ഗവേള<br>( ആഴ്ചയിലൊരിക്കൽ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദി ) | വിദ്യാരംഗം |
| സ്കൂൾ പത്രം<br>( ഓരോ മാസത്തെയും സ്കൂളിലെ പ്രധാന കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ) | SRG |
| ഭാഷ ലാബ്<br>( ഭാഷാ പഠനത്തിന് 3,4 ക്ലാസുകളിൽ ഉപയോഗപ്പെടുത്തൽ) | ക്ലാസ്സ് ടീച്ചേഴ്സ് |
| പഠന പിന്നോക്ക പിന്തുണ പ്രവർത്തനം<br>( എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പിന്തുണ പ്രവർത്തനം) | പുഷ്പ ടീച്ചർ |
| ചിന്താവിഷയം<br>( ദിവസവും രാവിലെ ഉച്ചഭാഷിണിയിലൂടെ മഹത് വ്യക്തികളുടെ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ) | റിഷാന ടീച്ചർ |
| പഠനോത്സവം<br>( വർഷാവസാനം അക്കാദമിക മികവുകളുടെ പ്രദർശനം ) | SRG |
| IT അധിഷ്ഠിത ഭാഷാ പഠനം<br>( വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പാഠഭാഗങ്ങൾ കുട്ടികളിൽ എത്തിക്കുന്നു .) | PSITC |

## ഇംഗ്ലീഷ്

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിലൊരു ദിനം കുട്ടികൾ എല്ലാ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു ) | ക്ലാസ്സ് ടീച്ചേഴ്സ് |
| ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസുകളിൽ ) | ക്ലാസ്സ് ടീച്ചേഴ്സ് |
| ഇംഗ്ലീഷ് ക്ലാസ് ലാബ് (3, 4 ക്ലാസുകളിൽ ) ( ക്ലാസ് ലാബ് ഉപയോഗപ്പെടുത്തിയുള്ള ഇംഗ്ലീഷ് പഠനം ) | ക്ലാസ്സ് ടീച്ചേഴ്സ് |
| Wednesday Word Day ( എല്ലാ ബുധനാഴ്ചയിലും മുഴുവൻ കുട്ടികളും പുതിയ ഒരു ഇംഗ്ലീഷ് വാക്ക് പഠിക്കുന്നു ) | സൂര്യ ടീച്ചർ |
| Wow - English Enrichment Programme -Fly high with Engish - Moto തനത് പ്രവർത്തനം – കഴിഞ്ഞവർഷത്തെ പ്രവർത്തനത്തിന്റെ തുടർച്ച മെച്ചപ്പെട്ട ഇംഗ്ലീഷ് ഭാഷ പഠനത്തിനായി | രേഖ ടീച്ചർ<br>സൂര്യ ടീച്ചർ |
| IT Lab പ്രയോജനപ്പെടുത്തിയുള്ള പഠനം ( Listeninf stories,Rhymes, Documentation etc) | |
| പഠന പിന്നോക്കക്കാർക്കുള്ള പ്രവർത്തനം | ക്ലാസ്സ് ടീച്ചേഴ്സ് |
| Spoken English ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനുള്ള വൈദഗ്ധ്യം | സൂര്യ ടീച്ചർ |

| അറബിക് | ചുമതല |
|---|---|
| വായനോത്സവം | റിഷാന ടീച്ചർ |
| വായനാമത്സരം | |
| വായനക്കുറിപ്പുകൾ | |
| അറബിക് അസംബ്ലി | |
| പതിപ്പുകൾ – പോസ്റ്ററുകൾ | |
| ഭാഷാ കളികൾ | |
| ലൈബ്രറി ഉപയോഗപ്പെടുത്തിയുള്ള അറബി ഭാഷാപഠനം | |

## ഗണിതം

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| **ഗണിത ലാബ്**<br>( ഗണിത പഠനത്തിന് ലാബ് ഉപയോഗപ്പെടുത്തൽ ) | ക്ലാസ്സ് ടീച്ചേഴ്സ് |
| **ഗണിത ശില്പശാല**<br>( ഗണിത പഠനത്തിനായുള്ള വർക്ക് ഷീറ്റ് ,ഗണിതമൂല സജീകരണം തുടങ്ങിയവ ) | SRG |
| **ഗണിത ക്വിസ്**<br>( ദിനാചരണങ്ങളോടനുബന്ധിച്ച് ) | SRG |
| **കുഞ്ഞു പുസ്തകം 1,2 ക്ലാസ്**<br>( ലളിതമായ ഗണിത ആശയങ്ങൾ ഉൾക്കൊള്ളിച്ച് കുട്ടി സ്വയം തയ്യാറാക്കിയത് ) | ക്ലാസ്സ് ടീച്ചേഴ്സ് |
| **മഞ്ചാടി സഞ്ചി**<br>( ഗണിത പഠനത്തിന് ആവശ്യമായ മഞ്ചാടി, മുത്ത് , കളിനോട്ട് തുടങ്ങിയവ അടങ്ങിയത് ) | 1, 2,ക്ലാസ്<br>ക്ലാസ്സ് ടീച്ചേഴ്സ്<br>PTA |
| **ഗണിത അസംബ്ലി**<br>( ഗണിത ആശയങ്ങൾ ഉൾക്കൊള്ളിച്ച് ) | |
| **ഗണിത മേള** | SRG |
| **ഗണിത കേളികൾ** | SRG |
| **പിന്നോക്ക പ്രവർത്തനങ്ങൾ** | ക്ലാസ്സ് ടീച്ചേഴ്സ് |

## പരിസര പഠനം

| | |
|---|---|
| **ശാസ്ത്ര ഗവേഷണ പ്രവർത്തനങ്ങൾ**<br>ക്ലാസ് തലത്തിൽ നിരീക്ഷണം, പരീക്ഷണം എന്നിവയിലധിഷ്ഠിതമായി പഠന നിലവാരത്തിന് അനുസരിച്ചുള്ള പ്രവർത്തനം | ക്ലാസ്സ് ടീച്ചേഴ്സ് |
| **ശാസ്ത്ര ലാബ്**<br>ഫലപ്രദമായ ശാസ്ത്ര പഠനത്തിന് 3,4 ക്ലാസുകൾക്ക് ലാബ് സജ്ജീകരിക്കൽ | ക്ലാസ്സ് ടീച്ചേഴ്സ് |
| **സയൻസ് അസംബ്ലികൾ** | ക്ലാസ്സ് ടീച്ചേഴ്സ് |
| **സയൻസ് ശാസ്ത്രമേളകൾ** | SRG<br>സയൻസ് ക്ലബ്ബ് |
| **പഠന യാത്ര** | റിഷാന ടീച്ചർ |
| **ഫിൽഡ് ട്രിപ്പ്** | SRG, ശാസ്ത്ര ക്ലബ്ബ്<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| Science Day | SRG |
| പച്ചക്കറിത്തോട്ടം | പരിസ്ഥിതി ക്ലബ്ബ് |
| ദിനാചരണ പ്രവർത്തനങ്ങൾ | SRG |
| ചർച്ചകൾ , അഭിമുഖം, ക്വിസുകൾ, ബോധവൽക്കരണ ക്ലാസുകൾ | SRG ക്ലാസ്സ് ടീച്ചേഴ്സ് |
| ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു ലഘു പരീക്ഷണം | Science Club |
| പിറന്നാൾ ചെടി – വിദ്യാലയത്തിലേക്കുള്ള ഒരു ചെടി | |

## വിവരസാങ്കേതികവിദ്യ

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കാൻ പരിചയപ്പെടുത്തൽ | PSITC |
| IT,ICT പ്രവർത്തനങ്ങൾ പരിശീലനങ്ങൾ | PSITC |
| മലയാളം ടൈപ്പിംഗ് ,പ്രൊഫൈൽ തയ്യാറാക്കൽ | PSITC |

## പ്രവർത്തിപരിചയം

| | |
|---|---|
| ശില്പശാല രക്ഷിതാക്കൾക്ക് പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനായി | SRG |
| പ്രവർത്തി പരിചയമേള | SRG ക്ലാസ്സ് ടീച്ചേഴ്സ് |
| ഒറിഗാമി പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ | ക്ലാസ്സ് ടീച്ചേഴ്സ് |

## ആരോഗ്യ – കായിക– വിദ്യാഭ്യാസം

**സൈക്കിൾ പരിശീലനം** — സ്പോർട്സ് ക്ലബ്ബ്

തനത് പ്രവർത്തനം എല്ലാ കുട്ടികൾക്കും സൈക്കിൾ ഓടിക്കാനുള്ള പരിശീലനം

**ഹെൽത്ത് ചെക്കപ്പ്** — PTA

**ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ** — SRG

## എൽ.എസ്.എസ് .പരിശീലനം

പരീക്ഷ എഴുതുന്ന മുഴുവൻ വിദ്യാർഥികളുടെയും എൽ.എസ്.എസ് നേടാൻ പ്രവർത്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ജൂലൈ ആദ്യ മാസം മുതൽ വിഷയാടിസ്ഥാനത്തിൽ ഓരോ അധ്യാപകർക്കും ചുമതല നൽകി . ശനിയാഴ്ചകളിലും മറ്റനവധി ദിവസങ്ങളിലും പഠന പ്രവർത്തനങ്ങൾ നൽകാൻ തീരുമാനിച്ചു.

നാലാം ക്ലാസ് അധ്യാപകർക്ക് ഇതിന് മുഖ്യ ചുമതല നൽകി.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികൾ പൊതുവായി പ്രദർശിപ്പിച്ച് , അത് CPTA കളിൽ വിലയിരുത്താൻ അവസരം.

## 2025 –26 അധ്യായന വർഷം നടപ്പിലാക്കുന്ന പുതിയ പ്രവർത്തനങ്ങൾ

ക്ലാസ് റൂം ലാബ് – 3,4 ക്ലാസുകൾക്ക് വിഷയാടിസ്ഥാനത്തിൽ ലാബ് സജ്ജീകരിച്ച് മികച്ച ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

വർണ്ണ കൂടാരം – പ്രീ പ്രൈമറി വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

## തനത് പ്രവർത്തനങ്ങൾ

Eglish Enrichment Programe - Wow

Fly High with English ( അക്കാദമികം)

സൈക്ലിംഗ് – എല്ലാവർക്കും സൈക്കിൾ പഠനം ( അക്കാദമികേതരം)